20100958

**QP CODE: 20100958**

Reg No : .....................

Name : .....................

## B.A /B.Sc DEGREE (CBCS) EXAMINATION, MARCH 2020

### Fourth Semester

### Common Course II - ML4CCT04 - മലയാളം - മലയാള ഗദ്യരചനകൾ

(Common for all Model I B.A/B.Sc Programmes)

2017 Admission onwards

C5794A2A

Time: 3 Hours Maximum Marks :80

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. " വിദ്യാഭ്യാസ പദ്ധതിയിൽ മാത്രമല്ല, സമൂഹത്തിലും ആദരണീയമായ സ്ഥാനം മൊഹാക്ക് ഭാഷയ്ക്കു കൈവന്നിരിക്കുന്നു" വിശദമാക്കുക.
2. സിയാറ്റിൽ മൂപ്പന് പരിസ്ഥിതി വിചാരങ്ങളിലുള്ള സ്ഥാനമെന്ത്?
3. ആൺ പെൺ തുല്യതയുടെ ഇട' മായിരുന്നു ഗോത്രവർഗ്ഗസമൂഹങ്ങളുടേത്.വ്യക്തമാക്കുക
4. മലയാള പുസ്തക പ്രസാധനരംഗത്ത് 'കേരളവിലാസ 'ത്തിന്റെ പ്രസക്തി എന്ത്?
5. വാനരന്റെയും നരന്റെയും പുരികപ്രദേശങ്ങൾ തമ്മിൽ സാരമായ വ്യത്യാസം ഉണ്ട്. എന്തു വ്യത്യാസം? എന്തുകൊണ്ട്?
6. ഭാരതത്തിലെ ആദ്യത്തെ ലാന്റസ്കേപ് ചിത്രകാരൻ ആര്? വ്യക്തമാക്കുക
7. കുറിപ്പെഴുതുക.' ഇന്ദിരാ മേനോൻ '
8. ലേഖക പരിചയം നടത്തുക.' വിജയകുമാർ മേനോൻ
9. 'അടുത്തടുത്തു താമസമായതോടെ അയൽക്കാരന്റെ പ്രാരാബ്ധങ്ങളുടെ ഭാരം കുറച്ചു കൊടുക്കാൻ കാരൂരും ഒതുങ്ങി" .ആരാണ് അയൽക്കാരൻ? സന്ദർഭ മേത്?

10. കാരൂരിനെപ്പറ്റി അദ്ദേഹത്തിന്റെ ഹെഡ്മാസ്റ്ററായിരുന്ന 'എം എസ് കുമാരൻ നായരുടെ സ്മരണകൾ എന്തെല്ലാം?

11. എസ്.പി.സി.എസ് - പ്രസിദ്ധീകരിച്ച പ്രഥമഗ്രന്ഥം ഏത്? ഈ സംരംഭത്തിന് പിന്നിലെ കഷ്ടതകളെ ' ബി.സരസ്വതി വ്യക്തമാക്കുന്നതെങ്ങനെ ?

12. മാന്യന്റെ മൂക്ക് ' എന്ന കഥയുടെ പ്രമേയം എന്ത്?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. 'ജലത്തിന്റെ മർമ്മരം എന്റെ അച്ഛന്റെയച്ഛന്റെ ശബ്ദമാണ്.' എന്തുകൊണ്ടാണ് സിയാറ്റിൽ മൂപ്പൻ ഇങ്ങനെ പറയുന്നത് ?

14. വയസു തികയാത്തതു കൊണ്ട് അവന് കോളേജിൽ ചേരാൻപറ്റിയില്ല. എന്ന് അമ്മ മറ്റുള്ളവരോട് കളവു പറഞ്ഞു. സന്ദർഭ മേത്?

15. മേലാള-കീഴാളചിന്ത ചോഴിയൻ ജാതിയിൽപ്പെട്ട ചെമ്പൈയ്ക്ക് സാമൂഹികമായ എന്തുപ്രതിബന്ധമാണ് സമ്മാനിച്ചത്?

16. ക്യാമറ ഒബ്സ്ക്യൂറ എന്ന പേര് മനുഷ്യ ചരിത്രം കേട്ടതെപ്പോൾ? വിവരിക്കുക

17. ഒരേ കൃതിയുടെ വിവർത്തനം വ്യത്യസ്തവായനകളാവാം എന്ന് മേഘസന്ദേശത്തിന്റെ വിവർത്തനങ്ങൾ മുൻനിർത്തി ലേഖകൻ വിശദമാക്കുന്നതെങ്ങനെ?

18. എഴുത്ത്, വചസ്സുകൊണ്ടും മനസ്സുകൊണ്ടുമുള്ള തപസ്സെന്ന കുഴിക്കലിനുള്ള വരമായി കിട്ടുന്ന ഉറവയാണ്. ഡോ.എം.ലീലാവതിയുടെ ഈ നിരീക്ഷണത്തെ 'ഉതുപ്പാന്റെ കിണറു'മായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുക

19. ജീവചരിത്രരചനയിൽ അവശ്യം പാലിക്കേണ്ട നിബന്ധനകളെപ്പറ്റി ഏറെ ബോധ്യമുള്ള എഴുത്തുകാരിയാണ് ബി. സരസ്വതി. സോദാഹരണം സമർത്ഥിക്കുക

20. കാരൂർ നീലകണ്ഠപ്പിള്ളയെ ഏറെ സ്വാധീനിച്ച വ്യക്തിയായിരുന്നു തകഴി ശിവശങ്കരപ്പിള്ള.വ്യക്തമാക്കുക

21. കൂനൻ വേങ്ങയ്ക്കൽ' സ്കൂളിലെ ബില്ലു വന്നാൽ പാസ്സാക്കിക്കൊടുക്കരുതെന്ന് ഇൻസ്പെക്ടർ ഓർഡറിട്ടു. ' എന്തുകൊണ്ട് ? കാരൂർ നൽകുന്ന കഥാ സൂചനകൾ വിശദമാക്കുക

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.*

22. മഹാഭാരത കർത്താവും കാളിദാസനും ശാകുന്തള രചനാസന്ദർഭങ്ങളിൽ സ്വീകരിച്ച സമീപന രീതികൾ താരതമ്യം ചെയ്തുകൊണ്ടുള്ള പഠനമാണ് 'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന ലേഖനം -- വിശദമാക്കുക

23. ഡോ.ജെ.ഉണ്ണിക്കൃഷ്ണപ്പിള്ള വ്യക്തമാക്കുന്ന കലാ ദർശന വിമർശനങ്ങൾ ഏവ? ഉപന്യസിക്കുക

24. കാരൂർ കഥകൾ വിവിധ രുചികളിൽ - വിലയിരുത്തുക

25. വയലാർ കവിതകളെക്കുറിച്ച് ബി. സരസ്വതി നടത്തുന്ന നിരീക്ഷണങ്ങൾ നിരീക്ഷിക്കുക.

(2×15=30)